പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

19.05.2017-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 4807

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ. എം. മുകേഷ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (എ) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് വർഷം മുഴുവനും സംസ്ഥാനത്തെ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പട്രോൾ ബോട്ട് ഏർപ്പെടുത്തുകയും മുഴുവൻ സമയ കടൽ പട്രോളിംഗും കടൽ രക്ഷാ പ്രവർത്തനങ്ങളും നടത്തി വരികയുമാണ്. ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത മറ്റ് 4 ജില്ലകളിലും മുഴുവൻ സമയ കടൽ പട്രോളിംഗിനുള്ള സൗകര്യം ഒരുക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം കടൽ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. രക്ഷാ ബീക്കണുകൾ, സീ സേഫ്റ്റി കിറ്റുകൾ എന്നിവ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ കോസ്റ്റ് ഗാർഡ്, ഇൻഡ്യൻ നേവി, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകളും നൽകുന്നു. മത്സ്യബന്ധന ബോട്ടുകൾ, ട്രാക്ക് ചെയ്യുന്നതിനും അപകടത്തിൽപ്പെട്ടാൽ ഉടൻ രക്ഷാപ്രവർത്തനം നടത്തുന്നതിനും ഓട്ടോമാറ്റിക് വെസ്സൽ മോണിററിംഗ് സിസ്റ്റം (Automatic Vessel Monitoring system) എന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിനായി ലൈഫ് ജാക്കറ്റ്, സാറ്റലൈറ്റ് അധിഷ്ഠിത റേഡിയോ ബീക്കൺ, ജി.പി.എസ്, എക്കോസൗണ്ടർ മുതലായ സംരക്ഷണ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ആഴക്കടൽ,മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ കരയിൽനിന്നും നിരീക്ഷിക്കുന്നതിന് ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. 300 യൂണിറ്റുകൾ 90% സബ്സിഡി നിരക്കിൽ ബോട്ടുകളിൽ ഘടിപ്പിയ്ക്കുകയും ആയത് ഫിഷറീസ് സ്റ്റേഷൻ കൺട്രോൾ റൂമിൽ നിരീക്ഷിയ്ക്കുകയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൊത്തം 155 ജി.പി.എസ് വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ബോട്ടുകളിൽ |

| | | | |
|---|---|---|---|
| | | | ഘടിപ്പിച്ചിട്ടുണ്ട്.ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 20,61,328/-രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സിഗ്നൽ ലൈറ്റ്, ഫ്ളാഗ്, ദിശ അറിയുന്നതിനും മത്സ്യബന്ധനത്തിനും സഹായിക്കുന്ന ജി.പി.എസ്, ജീവന്റെ സുരക്ഷയ്ക്കുതകുന്ന ലൈഫ് ജാക്കറ്റ് എന്നിവ നൽകി വരുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുത്ത 575 ഗുണഭോക്താക്കൾക്ക് ഇതിനോടകം ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതുകൂടാതെ 'കടൽ സുരക്ഷ' പദ്ധതിയിലൂടെ കടലിൽ അപകടമുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടേയും അവരുടെ യാനത്തിന്റേയും സ്ഥാനം അറിയുന്നതിനായി സെർച്ച് ആന്റ് റെസ്ക്യൂ ബീക്കൺ, മത്സ്യബന്ധനത്തിന് പോകുമ്പോൾ ദിശ അറിയുന്നതിനായി ജി.പി.എസ്., എക്കോസൗണ്ടർ എന്നിവ 25% ഗുണഭോക്തൃവിഹിതം, 75% സബ്സിഡി എന്ന നിരക്കിൽ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെ തെരഞ്ഞെടുത്ത 43 ഗുണഭോക്താക്കൾക്ക് 75% സബ്സിഡി നിരക്കിൽ ഉപകരണങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. 24 ഗുണഭോക്താക്കൾക്ക് കൂടി പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | 05.05.2017 – ലെ സ.ഉ.(സാധാ) 351/17/മതുവ പ്രകാരം ആദ്യഘട്ടമെന്ന നിലയിൽ ഒരു മറൈൻ ആംബുലൻസ് വാങ്ങുന്നതിന് ഭരണാനുമതി നൽകുകയും 2017-18 വർഷം മറൈൻ ആംബുലൻസ് പദ്ധതിയ്ക്കായി 2 കോടി രൂപ വകയിരുത്തുകയും ചെയ്തതനുസരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിന് ടെണ്ടർ ക്ഷണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

[signature]

സെക്ഷൻ ഓഫീസർ